**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 453 — 29.06.2016-ൽ മറുപടിക്ക്

**കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് സഹകരണ നിയമത്തിലെ 7 (1) (സി) വകുപ്പിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) ഉണ്ട്. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി കോഴിക്കോട് താലൂക്കിലെ കോഴിക്കോട് കോർപ്പറേഷൻ പരിധി ഒഴിച്ചുള്ള പ്രദേശത്തേക്ക് പൂർണ്ണമായി വ്യാപിപ്പിക്കുന്നതിന് 16.01.2015-ലെ സ.ഉ(സാധാ) നം.30/2015/സഹ ജി.ഒ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും, ടി ഉത്തരവിൽ ഭേദഗതി വരുത്തി കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് കോഴിക്കോട് കോർപ്പറേഷൻ പ്രദേശം ഒഴികെ മുൻ കോഴിക്കോട് താലൂക്ക് മുഴുവൻ പ്രവർത്തന പരിധിയായി നിജപ്പെടുത്തിക്കൊണ്ട് 02.02.2015-ലെ ജി.ഒ(പി) 18/2015/സഹ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത ബാങ്കിന് എത്ര ബ്രാഞ്ചുകളാണ് നിലവിലുള്ളത്; പുതുതായി ബ്രാഞ്ച് ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; | (ബി) കാരശ്ശേരിയിൽ പ്രവർത്തിക്കുന്ന ബാങ്കിന്റെ മെയിൻ ശാഖയ്ക്ക് പുറമേ നെല്ലിക്കപറമ്പ്, മരഞ്ചാട്ടി എന്നീ സ്ഥലങ്ങളിൽ ഓരോ ശാഖകൾ വീതം ആകെ 2 ശാഖകൾ നിലവിൽ വകുപ്പുതല |

| | | |
|---|---|---|
| | | അനുമതിയോടെ പ്രവർത്തിച്ച് വരുന്നു. പുതുതായി ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. |
| (സി) | അനുമതി കൂടാതെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കാനുള്ള ബാങ്കിന്റെ നീക്കത്തിനെതിരെ പ്രക്ഷോഭവും കോടതിയിൽ നടപടികളും നിലവിലുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) | പ്രവർത്തന പരിധിയിൽ ഇളവനുവദിച്ചു കൊണ്ടുള്ള ഉത്തരവ് റദ്ദാക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ ? | (ഡി) പ്രവർത്തന പരിധിയിൽ ഇളവനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് (02.02.2015-ലെ ജി.ഒ(പി) 18/2015/സഹ ഉത്തരവ്) ബഹു. ഹൈക്കോടതി വിധിന്യായത്തിലൂടെ ശരിവെക്കുകയും, പ്രസ്തുത ഉത്തരവിന്മേൽ ബഹു. സുപ്രീംകോടതിയിൽ എസ്.എൽ.പി.സി 10079/10080/2016 നമ്പരായി കേസ് നിലനിൽക്കുകയും ചെയ്യുന്നതിനാൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**